ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : എസ്. എസ്. എൽ. സി. ക്ലാസിൽ ഹിസ്റ്ററിയും, എക്കണാമിക്സും മെയിനായി എടുത്തു പഠിച്ച കുട്ടികൾക്ക് പ്രീയൂണിവേഴ്സിറ്റി ക്ലാസിൽ വരുമ്പോൾ മാത്തമാറ്റിക്സ് കമ്പൽസറി ആയി പഠിക്കേണ്ടതുള്ളതുകൊണ്ട് വളരെ ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. അതുകൊണ്ട് അതുപരിഹരിക്കുവാൻ പുതിയ ഒരു ക്ലാസ്സ് തുറക്കുകയോ, അല്ലാത്തപക്ഷം അതു കൂടി കോഅർഡിനേറ്റ് ചെയ്യത്തക്കവണ്ണം പുതിയ സിലബസ്സ് അംഗീകരിക്കുകയോ, ചെയ്യുമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഇതിനെപ്പറ്റി മുമ്പ് അന്വേഷിച്ചിട്ടുണ്ട്. അതിൽ പ്രത്യേകിച്ച് വൈഷമ്യം ഉണ്ടോ എന്നു നിശ്ചയമില്ല. ഏതായാലും അവയെപ്പറ്റി അന്വേഷിക്കാം.

ശ്രീ. മൊയ്തീൻകുട്ടി ഹാജി : ഇത്തരത്തിൽ പാസായ വിദ്യാർത്ഥികൾക്കെല്ലാവർക്കും പ്രീയൂണിവേഴ്സിറ്റിയുടെ മാത്തമാറ്റിക്സ് ഫാക്കൽറ്റി ചെയ്യാൻ സാധ്യമല്ലെന്ന് ഗവണ്മെൻറ് മനസ്സിലാക്കിയിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഇലക്ഷൻറീവ് സബ്ജക്ടുകൾ കുറെക്കാലമായി വച്ചിട്ടുണ്ട്. ജനറൽ മാത്തമാറ്റിക്സ് എന്നു പറയുന്നതു പ്രത്യേകിച്ചൊരു വിഷയമല്ല. ഏതു കുട്ടികളും അതു് അറിഞ്ഞിരിക്കേണ്ടതാണ്. അതുകൊണ്ട് അതിൽ പ്രത്യേകിച്ച് ബുദ്ധിമുട്ടുണ്ടാകുമെന്നു തോന്നുന്നില്ല.

ശ്രീ. ടി. കെ. കൃഷ്ണൻ : മദ്രാസിൽ ഇങ്ങനെ ഇലക്ഷൻറീവ് സബ്ജക്ടായ എസ്. എസ്. എൽ. സി. ക്ലാസിൽ നിർബ്ബന്ധമായി വച്ചിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഇലക്ഷൻറീവ് സബ്ജക്ടായിട്ട് വച്ചിട്ടില്ല. എന്നാൽ ചില സബ്ജക്ടുകൾക്കു കൂടുതൽ എംഫസൈസ് കൊടുത്തിട്ടുണ്ട്.

എക്സൈസ് ഡിപ്പാർട്ടുമെൻറിലെ വരുമാനം.

* 1704. [20] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യത്തിനു് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1958-59 വർഷത്തിൽ എക്സൈസ് ഡിപ്പാർട്ടുമെൻറിൽ ഡിസ്ട്രിക്ടുകൾ അടിസ്ഥാനത്തിലും, സ്റ്റേറ്റിനു് മൊത്തത്തിലും ഉണ്ടായിട്ടുള്ള വരുമാനമെത്ര ?

റവന്യൂവകുപ്പു മന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) : 1958-59 വർഷത്തിൽ എക്സൈസ് ഡിപ്പാർട്ടുമെൻറിൻറെ സെൻട്രൽ ഇനത്തിൽ മൊത്തവരുമാനം 1,66,38,960 രൂപയാണ്. ഇതിൽ വൃക്ഷക്കരം ഡ്യൂട്ടി ഗ്യാലനേജ് ഫീസ്, ലൈസൻസ് ഫീസ് എന്നിവ ഉൾപ്പെട്ടിട്ടില്ല. ഇവയും ഡിസ്ട്രിക്ടുകളുടെ അടിസ്ഥാനത്തിലുള്ള വരുമാനത്തിൻറെ വിവരങ്ങളും ശേഖരിച്ചുവരികയാണ്.

ശ്രീ. സി. എ. മാത്യു : കോട്ടയം, എറണാകുളം എന്നീ ഡിസ്ട്രിക്ടുകളിൽ ഭാഗികമായിട്ടാണെങ്കിലും മദ്യനിരോധനം ഏർപ്പെടുത്താതിരിക്കുന്നതിൻറെ കാരണമെന്താണ് ?

ശ്രീമതി കെ. ആർ. ഗൗരി : എറണാകുളത്തു് ഫോർട്ട് കൊച്ചിയിൽ മദ്യനിരോധനം ഉണ്ട്. ഈ ഗവണ്മെൻറ് അധികാരത്തിൽ വന്നതിനുശേഷം പുതിയതായി ഒരിടത്തും മദ്യനിരോധനം ഏർപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് ഈ വിഷയത്തിൽ ഒരു വിവേചനവും കാണിച്ചിട്ടില്ല. കോട്ടയം എറണാകുളം ഡിസ്ട്രിക്ടുകൾ State ൻറെ ഭാഗമായതുകൊണ്ട് അവിടെയും ഏർപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly